## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 584** **11.12.2012-ൽ മറുപടിയ്ക്ക്**

**തകർച്ചാഭീഷണി നേരിടുന്ന ചിട്ടിക്കമ്പനികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ നൂറുകണക്കിന് ചിട്ടിക്കമ്പനികളുടെ തകർച്ച ആസന്നമാണെന്ന് പോലീസിലെ രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; ഇവ തകർന്നാൽ ചിറ്റാളന്മാർക്ക് എത്ര കോടി രൂപ നഷ്ടമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ; ഏതെല്ലാം ചിട്ടിക്കമ്പനികളാണ് തകരാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ; | (എ), (ബി) & (സി)<br><br>ഇല്ല. എന്നാൽ സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടി കമ്പനികളെ സംബന്ധിച്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അതാത് ജില്ലകളിലെ ജില്ലാ രജിസ്ട്രാറോട് കൂടി പ്രസ്തുത ചിട്ടിക്കമ്പനികൾ പരിശോധിക്കുന്നതിനും നിയമം ലംഘിച്ചിട്ടുള്ളവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനും പുതുതായി അനധികൃത ചിട്ടി കമ്പനികൾ തുടങ്ങുന്നത് തടയുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ സാമ്പത്തിക അഴിമതിയിൽ നിന്നും രക്ഷിക്കാൻ എന്തു മുൻകരുതലുകളും നടപടികളും സ്വീകരിച്ചു എന്നു അറിയിക്കാമോ ; | |
| (സി) | ഇപ്രകാരം തകർച്ചാഭീഷണി നേരിടുന്ന ചിട്ടിക്കമ്പനികൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണോ ; ഇന്ത്യൻ ചിട്ടി നിയമങ്ങളും അനുബന്ധ ചട്ടങ്ങളും ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗമോ പോലീസോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ? | |

B.V.Kumar

സെക്ഷൻ ഓഫീസർ